**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2507** **15-10-2024 - ൽ മറുപടിയ്ക്ക്**

**സോളാർ ഗ്രിഡ് ടൈ ഇൻവെർട്ടറുകൾക്കും, പാനലുകൾക്കും ബി.ഐ.എസ്. രജിസ്ട്രേഷൻ**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. സനീഷ്കുമാർ ജോസഫ്,<br>ശ്രീ. സി. ആർ. മഹേഷ്** | | **ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | വീടുകളിലും, സ്ഥാപനങ്ങളിലും സ്ഥാപിക്കുന്ന സോളാർ ഗ്രിഡ് ടൈ ഇൻവെർട്ടറുകൾക്കും പാനലുകൾക്കും ബി.ഐ.എസ്. രജിസ്ട്രേഷൻ നിർബന്ധമാക്കിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വീടുകളിലും സ്ഥാപനങ്ങളിലും സ്ഥാപിക്കുന്ന ഗ്രിഡ് ബന്ധിത സൗരോർജ്ജ നിലയങ്ങളിൽ ഉപയോഗിക്കുന്ന ഇൻവെർട്ടർ, സോളാർ പാനൽ എന്നിവയ്ക്ക് ബി.ഐ.എസ്. രജിസ്ട്രേഷൻ നിർബന്ധമാക്കിയിട്ടുണ്ട്. |
| (ബി) | ഉപഭോക്താക്കൾ കുറഞ്ഞ വിലയ്ക്ക് വിപണിയിൽ ലഭ്യമാകുന്ന, രജിസ്ട്രേഷൻ മുദ്ര പതിക്കാത്ത ഇൻവെർട്ടറുകൾ കൂടുതലായി ഉപയോഗിക്കുന്നത് സുരക്ഷാ പ്രശ്നങ്ങൾക്ക് കാരണമാകുന്നുണ്ടോ; വിശദാംശം നൽകുമോ; | (ബി) | സൗരോർജ്ജ നിലയങ്ങളിൽ ബി.ഐ.എസ്. രജിസ്ട്രേഷൻ ഉള്ള ഇൻവെർട്ടർ, സോളാർ പാനൽ ആണ് ഉപയോഗിക്കുന്നത്. |
| (സി) | ഈ കാര്യത്തിൽ ഉപഭോക്താക്കളെ ബോധവൽക്കരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ ? | (സി) | നിലവിൽ തന്നെ സൗരോർജ്ജ നിലയങ്ങളിൽ ബി.ഐ.എസ്. രജിസ്ട്രേഷൻ ഉള്ള ഇൻവെർട്ടർ, സോളാർ പാനൽ ആണ് ഉപയോഗിക്കേണ്ടത് എന്നുള്ള നിർദ്ദേശങ്ങൾ നല്കിയിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ